(ഡി) ഇവിടെ ആശുപത്രി സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഇവിടെനിന്നും എത്ര കിലോമീറ്റർ അകലെയാണ് മറ്റ് ആശുപത്രികളുള്ളത് ;

(എഫ്) ഈ സ്ഥലത്തുള്ള നാണംകോട്, എരുമല, എന്നീ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെ നിർദ്ധനരായ ആളുകൾക്ക് അകലെയുള്ള ആശുപത്രിയിൽ ചികിത്സയ്ക്ക് പോകുന്നത് സൗകര്യപ്രദമാണോ ;

(ജി) ഈ കെട്ടിടത്തിൽ അടിയന്തിരമായി ആശുപത്രി തുടങ്ങാൻ നടപടിയെടുക്കുമോ ;

(എച്ച്) ഈ കെട്ടിടം ആശുപത്രിക്കല്ലാതെ മറ്റെന്തെങ്കിലും ഉപയോഗത്തിന് അനുയോജ്യമാണോ ;

(ഐ) എങ്കിൽ എന്തുപയോഗത്തിനാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) കെട്ടിടം പണി ചെയ്തിട്ടുണ്ട്.

(സി) ഇലക്ട്രിസിറ്റി, ഫർണിച്ചറുകൾ, കിണർ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുണ്ട്.

(ഡി) ചോദ്യമുദിക്കുന്നില്ല.

(ഇ) ഇവിടെനിന്നും പത്ത് കിലോമീറ്റർ അകലെ കല്ലറ പി.എച്ച്. സെന്റർ സ്ഥിതി ചെയ്യുന്നു.

(എഫ്) അല്ല.

(ജി) നടപടി സ്വീകരിക്കുന്നതാണ്.

(എച്ച് & ഐ) ആശുപത്രിക്ക് വേണ്ടിയാണ് ഈ കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത്. അതിനാൽ മറ്റൊരാവശ്യത്തിനും ഈ കെട്ടിടം വിട്ടു കൊടുക്കാൻ സാദ്ധ്യമല്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എച്ച്. ഡി.എസ്. അപ്പോയിന്റുമെന്റ് കമ്മിറ്റി

175 (3365) ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എച്ച്.ഡി.എസ്.-ൽ അപ്പോയിന്റുമെന്റ് കമ്മിറ്റിയുണ്ടോ ;

(ബി) എങ്കിൽ ഈ കമ്മിറ്റി സെക്യൂരിറ്റി സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ലിസ്റ്റിൽ നിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ലിസ്റ്റിൽപ്പെടാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) എച്ച്.ഡി.എസ്.-ന്റെ വരുമാനത്തിൽ 30% മാത്രമേ വേതനയായി ചെലവഴിക്കാവൂ എന്ന് ഉത്തരവുണ്ടോ ;

(ഇ) എങ്കിൽ കഴിഞ്ഞവർഷം ഡിസംബർ 31 വരെ എത്ര വരുമാനമുണ്ടെന്നും എത്ര രൂപ ശമ്പളയിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998-ലും 1999-ലും പത്തു പേരടങ്ങുന്ന രണ്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിരുന്നു. 1998-ലെ ലിസ്റ്റിൽ നിന്ന് എല്ലാവരെയും ആറുമാസത്തേയ്ക്ക് നിയമിച്ചിരുന്നു.

(സി) രണ്ടാമത്തെ ലിസ്റ്റ് 1999-ൽ പ്രസിദ്ധപ്പെടുത്തിയതിൽ നിന്ന് നിയമന നടപടികളുമായി മുന്നോട്ടു നീങ്ങിയപ്പോൾ ആദ്യം പ്രസിദ്ധീകരിച്ച ലിസ്റ്റിലുള്ളവർ പുതിയ നിയമത്തിനെതിരെ ബഹു: ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ട്. ഇപ്പോഴും സ്റ്റേ നിലനിൽക്കുന്നു. മെഡിക്കൽ സമരത്തോടുകൂടി സെക്യൂരിറ്റിക്കാരുടെ എണ്ണം അടിയന്തിരമായി കൂട്ടേണ്ടിവന്ന സാഹചര്യത്തിൽ 17 പേരെ പുറമേ നിന്നും നിയമിക്കേണ്ടി വന്നു. ഈ നിയമനത്തിനുശേഷം കൂടിയ എച്ച്. ഡി. എസ്. യോഗം ഇതിന് അംഗീകാരവും നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം എച്ച്.ഡി.എസ്. വരുമാനത്തിന്റെ 35% വേതനമായി ചിലവഴിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ വർഷം 1,67,04,855 രൂപ ലഭിച്ചിട്ടുണ്ട്. ശമ്പള ഇനത്തിൽ 1,05,63,538 രൂപ ചെലവഴിച്ചിട്ടുണ്ട്.

കെ. എച്ച്. ആർ. ഡബ്ല്യൂ. എസിലെ ക്ലീനർമാരുടെ പ്രൊമോഷൻ

176 (3366) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്.-ൽ ക്ലിനറായി ജോലിയിൽ പ്രവേശിക്കുന്നവർ ക്ലീനറായിത്തന്നെ പെൻഷൻ പറ്റുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ആശുപത്രികളിലെ ക്ലീനർമാർക്ക് പ്രൊമോഷൻ നൽകുന്നതുപോലെ കെ. എച്ച്. ആർ. ഡബ്ല്യൂ. എസിലെ ക്ലീനിംഗ് വിഭാഗത്തിലും അറ്റൻഡർ, സൂപ്പർവൈസർ എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly